**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1122** **02-02-2026 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര നഗര സഭയിലെ അമൃത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നഗരസഭ പ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നതിന് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് എത്ര തുക വിനിയോഗിക്കേണ്ടിവരുമെന്ന് വ്യക്തമാക്കാമോ? | (എ) | നെയ്യാറ്റിൻകര നഗരസഭ പ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നതിന് അമൃത്-2.0 (SWAP 3) പദ്ധതിയിൽ ഉൾപ്പെടുത്തി, തിരുവനന്തപുരം, നെയ്യാറ്റിൻകര ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിനു സമീപം നിലവിലുള്ള പമ്പ്ഹൗസിനടുത്തായി പുതിയ തടയണയും, കിണറും പമ്പ് ഹൗസും നിർമ്മിക്കുന്നതിന് 10.10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കിണറും പമ്പ് ഹൗസും നിർമ്മിക്കുന്ന പ്രവൃത്തിയുടെ അടങ്കൽ തുക ജി.എസ്.ടി. ഉൾപ്പെടെ 2,70,65.993/- രൂപയാണ്. കിണറിന്റെ പണി ആരംഭ ഘട്ടത്തിലാണ്.<br><br>തടയണയുടെ നിർമ്മാണം ഇറിഗേഷൻ വകുപ്പ് മുഖേനയാണ് നടത്തുന്നത്.<br><br>കൂടാതെ അമൃത് 2.0 പദ്ധതിയിൽ (SWAP 1) ഉൾപ്പെടുത്തി 14.19 കോടി രൂപയുടെ പ്രവർത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിലേയ്ക്ക് നാളിതുവരെ 9,98,70,534/- രൂപ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് 4,20,29,466/- രൂപ കൂടി വിനിയോഗിക്കേണ്ടി വരുമെന്ന് കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ